# ഇതളുകൾ





*SJHS CHINNAR*





## ഉയരുന്ന ഇന്ത്യ

### സ്വപ്നപഥത്തിലേക്ക് ചാന്ദ്രയാൻ

ഏവരുടെയും സ്വപ്നത്തിൽ ഒന്നായിരുന്ന ഇന്ത്യയുടെ ചന്ദ്രയാൻ വിജയക്കാരമായി നടക്കുക എന്നത് പലരുടെയും പ്രർത്ഥനയും ISRO യുടെ കഷ്ടപ്പാടിന്റ പ്രതിഫലമായി ചാന്ദ്രയാൻ ബഹിരാകശത്തേക്ക് പറപ്പിച്ചു. ഒക്ടോബർ മാസം അത് ചാന്ദ്രയാൻ സേഫ് ലാറ്റ് ചെയ്തു ഇന്ത്യയിൽ ജിവിക്കുന്ന ഒരോ വ്യക്തിക്കും അഭിമാനിക്കാൻ കഴിയുന്ന നിമിഷം കാരണം ചൈനയ്ക്ക് ശേഷം ഇന്ത്യയാണ് സേഫ് ലാറ്റ് ചെയ്യുന്നത് എത്രയോ വലിയ രാജ്യങ്ങൾക്ക് കഴിയാതെ പോയ ആ അവസരം ഇന്ത്യ ചെയ്തു തീർത്തു. രാജ്യത്തിന്റെ ആളുകളെയല്ല നോക്കേട്ടത് അവരിൽ ഉള്ള കലയും വിവരവുമാണ് എന്ന് പ്രധാനമന്ത്രി പറയുകയുയി തന്റെ രാജ്യത്താണ് ഇങ്ങനെ സംഭവിച്ചത് എന്ന് അറിയാത്ത

ഒരു കുഞ്ഞ്പോലും ഇല്ല . ISRO പല തവണ തോറ്റങ്കിലും വിട്ടു കൊടുത്തിരുന്നില്ല എന്നെങ്കിലും ഒരു നാൾ വിജയം കാണുമെന്ന ഒരു ആത്മവിശ്വസം അവരെ ഒരു വലിയ വിജയത്തിൽ എത്തി ചേർത്തു പരാജയപ്പെട്ടലും പിന്നീടും ശ്രമിക്കുകയാണ് വേട്ത് പരാജയം നമ്മെ കുടുതൽ കാര്യം മനസ്സിലാക്കി തരുന്നു. എത്രയോ മഹാൻമാർ പറഞ്ഞിരിക്കുന്നു.” പരാജയം വിജയത്തിന്റെ മുന്നോടിയാണെന്ന് " ഇന്ത്യയുടെ ഈ നേട്ടം വരും തലമുറയ്ക്ക് വലിയ ഒരു സംഭവന തന്നെയായിരിക്കും ഒരോത്തരും വിജയത്തിന്റെ ആ അഭിമാന നിമിഷം ആഘോഷിക്കട്ടേ

## മറക്കനാവത്ത സ്പ്പ്നവും ആ ദിവസവും

ഒരു ദിവസം മനു രാവിലെ കുട്ടകാരുടെ ഒപ്പം കളിക്കാൻ പോയി.അവിടെയപോൾ അവൻെറ കുട്ടുക്കാർ അവിടെ നിൽക്കുന്നു അവൻ സന്തോഷത്തോടെ അവരുടെ അരികിൽചെന്നു അവർ സന്തോഷത്തോടെ കളിക്കാൻ തുടങ്ങി അങ്ങനെ ആ അവധി ദിവസം അവസാനിച്ചു എന്നാൽ മനുവിന് ഇത് മറക്കാനും ആവുന്നില്ല അവൻ വിചാരിച്ചു നളെ മുതൽസ്കൂളിൽ പോവണം പിന്നിട്മടുപ്പായിരിക്കും ക്ലാസും ,യൂണിഫോം , ടീച്ചർമാരുടെ വഴക്കുകേൾക്കലും എല്ലാം അവൻ ദൈവത്തോട് പ്രാഹ ദൈവമേ എനിക്ക് കഴിഞ്ഞ് പോവുന്ന ദിവസം ഒന്ന്കൂടി തരാൻ സാധിക്കുമോ അവൻ അത് ആഗ്രഹിച്ച് ആഗ്രഹിച്ച് ഉറങ്ങി പോയി ഒരു നല്ല സുഖ നിദ്രയിലേക്ക് അവൻ *ആണ്ടുപോയി.*

*അങ്ങനെ അവൻ ഒരു സപ്പ്നലോകത്തേക്ക് എത്തി ആ ലോകത്ത് നിരവധി കുട്ടകാരുടെ കൂടെ കളിച്ചു നടക്കുന്നതായി അവൻ കണ്ടു അവൻ അവരോട് ഒപ്പം കളിച്ചു നടന്നു അങ്ങനെ സമയം കടന്നുപോയിക്കോണ്ടേയിരുന്നു ഒരു ഉച്ചയായപ്പോൾ ഇവരുടെ ഇടയിലേക്ക്*

*സുന്ദരിയായ ഒരു പെൺകുട്ടി വന്നു അവളോട് അവനോരു അടുപ്പം മനു പോയി അവളോട് സംസരിച്ചു നാണം കൊണ്ട് അവൾ പുറകോട്ട് തെന്നി നിങ്ങി അവൾ നാണത്തോടെ പേര്പറഞ്ഞു മായ മനു അവളെ കൂടെ കളിക്കാൻകൊണ്ടുപോയി അവർ രണ്ടാളും ഒന്നാവാൻ തുടങ്ങി പെട്ടെന്ന് അവൻ കട്ടിലിൽ നിന്ന് ചാടി എഴുന്നേറ്റു കാരണം മനുവിൻെറ അമ്മ അവൻെറ മുഖത്ത് വെള്ളം കോരി ഉറ്റിയതായിരുന്നു അമ്മ പറഞ്ഞു മോനേ എഴുന്നേൽക്ക് സ്കൂളിൽ പോവണ്ടേ അവൻ സകടം കൊണ്ട് അമ്മയെ നോക്കി അമ്മ പറഞ്ഞു സമയം ആവുന്നു എളുപ്പം സ്കൂളിൽ പോ അവൻ ആ സുന്ദരിയായ പെൺകുട്ടിയെ ഓർത്തുആടി ആടി സ്കൂളിലേക്ക് നടന്നു.........*

# അമ്മ

പടിയൊന്നിറങ്ങവേ മെല്ലേത്തിരിഞ്ഞു ഞാൻ
നോക്കവേ ശൂന്യതയൊന്നുമാത്രം
എങ്കിലും എൻ മനസ്സിൽ ഒരു
പ്രത്യാശ പൂവിട്ടു അത് എൻയമ്മതാൻ
ഓർമ്മകൾ ആയിരുന്നു.

കുഞ്ഞിലെയാകൈയൊന്നിൽ
പിടിച്ചു ഞാൻ ഈ പടിയൊന്നിറങ്ങി
മെല്ലെമെല്ലെയെൻ
വിദ്യാലയ പടിവാതിൽ എത്തിയപ്പോൾ
അമ്മയാകൈകൾ വിട്ടുവിച്ച് പോയപ്പോൾ
എൻമനസ്സിൽ ശൂന്യതയൊന്നു മാത്രം

ഇന്നെന്നമ്മയെൻ കൂടെയില്ല
എന്നെയിങ്ങാറ്റക്കാക്കി പോയ് ദൂരേക്ക്

പടിയൊന്നിറങ്ങവേ മെല്ലേത്തിരിഞ്ഞു ഞാൻ
നോക്കവേ ശൂന്യതയൊന്നുമാത്രം

## തുള്ളൽപ്പാട്ട്

*വാർത്തയതൊന്നേ കേൾക്കാനുള്ളൂ*
*യുദ്ധം തന്നെ യുദ്ധം മാത്രം*
*മാനവരെല്ലാം വേദനയോടെ*
*യുദ്ധം  തീരാൻ പ്രാർത്ഥിക്കുന്നു*
*കുട്ടികൾ വനിതകൾ വൃദ്ധൻമാരും*
*പേടിയോടവിടെ  കഴിഞ്ഞീടുന്നു*
*നിരനിരയായി പടയാളികളവർ*
*ലക്ഷ്യം നേടൻ പോരാടുന്നു*

*വെള്ളവുമില്ല വെട്ടവുമില്ല*
*വെടിയും പടയും ബോംബുംമാത്രം*
*നിമിഷംകൊണ്ടതാ ഇല്ലാതാവും*
*പട്ടണവും പലനില വീടും മറ്റും*
*ഭയപ്പാടോടെ ഭൂഗർഭത്തിൽ*
*കഴയും ജനമതു കരഞ്ഞീടുന്നു*
*തീർന്നോ യുദ്ധം തീർന്നോ യുദ്ധം (2)*
*എവിടെത്തീരാൻ  എങ്ങിനെ തീരാൻ*

# കുമാരനാശാന്

അനശ്വരങ്ങളായ കൃതികളിലൂടെ ഇന്നു മലയാളികളുടെ മനസ്സിൽ ജീവിക്കുന്ന മാഹാകവി . തിരുവനന്തപുരം ജില്ല-യിലെ കായിക്കര എന്ന മനോഹരമായ കടലോരഗ്രാമത്തി-ൽ തൊമ്മൻവിളാകത്തുവീട്ടിൽ 1873 ഏപ്രിൽ 12 ന് മഹാ കവി കുമാരനാശാൻ ജനിച്ചു. അച്ഛൻ നാരായണനും ,അമ്മ-യുടെ പേര് കാളിയമ്മയുമെന്നായിരുന്നു. 14 ാമത്തെ വയ-സ്സിൽ അദ്ധ്യാപകവൃത്തിലേർപ്പെട്ടു. തുടർന്ന് കുറച്ച് നാൾ കണക്കെഴുത്തുകാരനായും ജോലി നോക്കി.ഇളം പ്രായത്തി-ൽതന്നെ അദ്ദേഹം സംസ്ക്രത ശ്ലോകങ്ങൾ രചിക്കാറുണ്ടാ-യിരുന്നു . കുമാരനാശാനെ മഹാകവിയാത്തിയ ഖണ്ഡകാ-വ്യമാണ് വീണപൂവ്. ശ്രീനാരായണ ഗുരുവിനോടൊത്ത് 1083 വൃശ്ചികത്തിൽ [1907]പാലക്കാട്ടെ ജൈനമെട്ടിൽ താമസിച്ചിരുന്നപ്പോഴാണ് ആശാൻ വീണപൂവ് രചിച്ചത്. മൂർക്കോത്ത് കുമാരന്റെ പത്രാധിപത്യത്തിൽ തലശ്ശേരിയിൽ നിന്നിറങ്ങുന്ന 'മിതവാദിയി'ലാണ് ആദ്യം വീണപൂവ് പ്ര-സിദ്ധീകരിച്ചത് . മഹാകാവ്യമെഴുതാതെ തന്നെ മഹാകവി-യായ കുമാരനാശാനെ ലോതത്താകെയുള്ള കാവ്യധാരക-*ളോടും പ്രതിഭകളോടും അണിചേർത്തത് വീണപൂവാണ്.*

**ആസ്വാദനക്കുറിപ്പ്**

**<u>വായന ദിനം</u>**

' ഏറ്റവും ചെലവു കുറഞ്ഞതും നിത്യഫലം തരു- ന്നതുമായ വി ജ്ഞാന – വിനോദാപധിയാണ് വായന '
എന്നൊരു മഹദ്വചനമുണ്ട്.

വിദ്യാർത്ഥികളായ നമ്മുടെ ഒന്നാമത്തെ കടമ അറിവ് നേടുക എന്നതാണ്. അറിവ് നേടാനുള്ള വഴി-
കൾ എന്തെല്ലാമാണ് ? അധ്യാപകർ നമ്മളെ പഠിപ്പി- ക്കുന്നു .
പത്രമാസികകളും റേഡിയൊ, ടി.വി തുടങ്ങിയ മാധ്യമങ്ങളും അറിവ് നൽ കുന്നു. കൂടാതെ നമ്മുക്ക് കിട്ടു-
ന്ന പല അനുഭവങ്ങളും അറിവായി മാറുന്നു. ഇപ്രകാരം
നാനാതരത്തിലാണ് നമ്മൾ അറിവുള്ളവരായി തിരു-
ന്നത്.

എന്നാൽ ഈ പരഞ്ഞതിൽ ഏറ്റവും പ്രധാനപ്പെ-
ട്ട ഒരു മാർഗമാണ് വായന .ശരിയായ വായനാ ശീല-
ത്തിലൂടെ അറിവിന്റെ അനന്തചക്രവാളങ്ങളിലെക്ക് കടന്നുചെല്ലാൻ കഴിയും .വിജ്ഞാനവും വിനോദവും ന-
ൽകുന്ന എത്രയെത്ര പുസ്തകങ്ങളാണ് നമ്മെ മാടി വിളിക്കുന്നത് . കുട്ടികളുടെ മാനസികവും ബുദ്ധിപരവു-
മായ കഴിവുകൾ വികസിപ്പിക്കാൻ വായനക്കുള്ള പങ്ക് വളരെ വലുതാണ്. മനുഷ്യമനസിനെ ഉണർത്തുവാനും
ഉയർത്തുവാനും നല്ല പുസ്തകങ്ങൾക്ക് കഴിയുമെന്ന് മ-
ഹാനായ ടോൾ സോറ്റായി പറഞ്ഞിട്ടുണ്ട്. ലോകം ക
ണ്ടിട്ടുള്ള പല നേതാക്കന്മൊരും നല്ല വായനാശീലമുള്ള-

വരായിരുന്നു .ഒരു പുസ്തകം വായിക്കുവാൻ വേണ്ടി വള-
രെയധികം ക്ലേശങ്ങൾ സഹിച്ച എബ്രഹാം ലിങ്കണി-
ന്റെ കഥ ആരെയും ആവേശഭരിതരാക്കുന്നതാണ്.

ഇന്ത്യയുടെ പ്രഥമ പ്രസിഡന്റെയായിരുന്ന രാ-
ജേന്ദ്ര പ്രസാദാകട്ടെ തന്റെ അറിവിന്റെ പകുതിയും വായനയിലൂടെ
ലഭിച്ചതാണന്ന് പ്രസ്താവിച്ചിട്ടുണ്ട് .വാ-
യന ഒരു കലയാണ്. അതുകൊണ്ടാണ് ഒരു മഹാൻ
ഒരു വലിയ വായനക്കാരനായിരിക്കുമെന്ന് എമേഴ്സൺ സൂചിപ്പിച്ചത്.
പക്ഷേ, അലസമായി ചെയ്യേണ്ട ഒന്നല്ല വായന .നമ്മുടെ അഭിരുചിക്കും
താല്പര്യത്തിനും സന്ദർഭത്തിനും അനുസൃതമായ പുസ്കതങ്ങൾ
തെരഞ്ഞെടു-
ത്ത് വായിക്കണം. കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെ-
യും ഈ കാലഘട്ടത്തിൽ പുസ്കതങ്ങൾക്കും വായനാ-
ശീലത്തിനും അർത്ഥവും ലക്ഷ്യവുമുണ്ട്.

# <u>ശൂന്യത</u>

പടിയൊന്നിറങ്ങവേ മെല്ലേത്തിരിഞ്ഞു ഞാൻ
നോക്കവേ ശൂന്യതയൊന്നുമാത്രം
എന്താണീ ശൂന്യത എന്തിനി ശൂന്യത  എന്തേയീ ശൂന്യത
എന്നെത്തളർത്തിടാനോ....
എൻ മനം  വാടുന്നു, എന്നുടൽ ഉടയുന്നു
എന്തുകൊണ്ടോ  ഒരു ശൂന്യത നിറയുന്നു
ഞാനിനീയെന്തിന് , ഞാനിവിടെന്തിന്
എന്നൊരു ചോദ്യമെന്നുള്ളം തളർത്തു
ഇന്നലെയോളമെന്നൊപ്പമുണ്ടായിരുന്നോ
രിന്നിവിടില്ല എനിക്കാരുമില്ലാ
എന്തേ ഞാനിങ്ങനെ വിമ്മിഷ്ടനാവുന്നു
എന്തേ എൻ ഹൃദയമിടിപ്പു കൂടീടുന്നു
എന്നലെയോളമെന്നമ്മയിവിടെ  തനിച്ചിരുന്നില്ലേ വർഷങ്ങളായി...
എന്നിട്ടുമിന്നേവരമ്മയെന്നോടെന്തേ..
ശൂന്യടയെപ്പറ്റിയൊന്നും പറഞ്ഞിലാ
എന്നൊരു രാത്രിയിലൊറ്റയ്ക്കിവിടെ
കഴിയാൻ വെറുക്കുന്നു ശൂന്യത നിറയുന്നു
അങ്ങനെയെങ്കിലെന്നമ്മയിവിടെ വർങ്ങളായിയെങ്ങനെ ജീവിച്ചു
ഓർക്കുമ്പൊളെന്തുകൊണ്ടോ കുറ്റബോധം
എന്നെയലട്ടിടുന്നു ശൂന്യത നിറയുന്നു
സ്വർഗ്ഗത്തിലമ്മയെ ഒറ്റപ്പെടുത്താതെ എന്നും
നീ അമ്മയോടൊപ്പമുണ്ടാകണേ.

# നടന്നകലുന്ന കാൽപ്പാടുകൾ

ആകാശവിസ്തൃതിയിലാ-
ഴ്ന്നുകിടപ്പുണ്ടെന്നാനന്ദ
സുരഭിലമാം ഓർമ്മകൾ
ഓർക്കുമ്പോൾ അലയടിക്കു-
ന്നുണ്ടെന്നകതാരിലെന്തിന്നി-
ല്ലാത്തൊരു നെടുവീർപ്പ്

രാത്രിതൻ യാമങ്ങളെ തേടി-
യൊഴുകുന്ന ഭീതിയും ഇരുളിനെ
യകറ്റാനെത്തുന്ന താരകങ്ങളെപ്പോൽ
ഇരുൾ മൂടിയയെൻ ജീവിതത്തിലേക്കു
സന്തോഷമാം വെളിച്ചം വീശിയവരാണവർ
എൻ സഹപാഠികൾ......

പാഠ്യാലയമാംമെന്നബരത്തെയും
അതിലെ താരകങ്ങളാം സഹപാഠി-
കളെയും വെടിഞ്ഞിന്നി വീഥിയി-
ലേകനായ് നിൽക്കുമ്പോൾ
കൊതിക്കുന്നുണ്ട് വല്ലാണ്ട്
ഞാനാ വെളിച്ചത്തിനായ്